REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-03-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **കേരളത്തിലെ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന്. സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിളിച്ച രാഷ്ട്രീയ പാർട്ടികളുടെ യോഗം ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത്.**
- **37 രാജ്യസഭാ സീറ്റുകളിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാത്രിയോടെ ഫലം പ്രഖ്യാപിക്കും.**
- **കോടതികൾ, തിരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ തീരുമാനങ്ങളെ അംഗങ്ങൾ പാർലമെന്റിൽ ചോദ്യം ചെയ്യുന്നത് ശരിയല്ലെന്ന്, കേന്ദ്രമന്ത്രി കിരൺ റിജിജു**
- **'സ്റ്റാൻഡ്-അപ്പ് ഇന്ത്യ പദ്ധതി'യുടെ പുതുക്കിയ പതിപ്പ് ആരംഭിക്കുമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.**
- **സഞ്ജു സാംസണെ കേരള ക്രിക്കറ്റ് അസോസിയേഷൻ വൈകിട്ട് തിരുവനന്തപുരത്ത് ആദരിക്കും.**

## വാർത്തകൾ വിശദമായി

കേരളം അടക്കം മൂന്ന് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. കേരളത്തിന് പുറമെ പുതുച്ചേരി, അസം, സംസ്ഥാനങ്ങളിലെ വിജ്ഞാപനം ഇന്നുണ്ടാകും. ഒറ്റഘട്ടമായി ഏപ്രിൽ ഒമ്പതിനാണ് മൂന്നിടത്തേയും വോട്ടെടുപ്പെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ ന്യൂഡൽഹിയിൽ അറിയിച്ചു. പശ്ചിമ ബംഗാളിൽ മാത്രമാണ് രണ്ട് ഘട്ടങ്ങളിലായി വോട്ടെടുപ്പ് നടത്തുന്നത് - ഏപ്രിൽ 23,29 തിയതികളിൽ. തമിഴ്നാട്ടിൽ ഏപ്രിൽ 23ന് ഒറ്റഘട്ടമായി വോട്ടെടുപ്പ് നടത്തും. കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയ മെയ് 23നകം പൂർത്തീകരിക്കും.

നാലിടത്തും മെയ് നാലിനാണ് വോട്ടെണ്ണൽ. തമിഴ്നാട്ടിലെയും, പശ്ചിമ ബംഗാളിലെയും ഒന്നാം ഘട്ടത്തിന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 30ന് ഉണ്ടാകും. പശ്ചിമ ബംഗാളിലെ രണ്ടാം ഘട്ടത്തിന് ഏപ്രിൽ രണ്ടിന് വിജ്ഞാപനം പുറപ്പെടുവിക്കും. ആറ് സംസ്ഥാനങ്ങളിലെ എട്ട് നിയമസഭാ സീറ്റുകളിലേക്ക് ഉപ തെരഞ്ഞെടുപ്പും ഇതോടൊപ്പം നടത്തും.

✪✪✪

സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് ചേരുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. വൈകിട്ട് മൂന്നിന് തിരുവനന്തപുരത്താണ് യോഗം.

✪✪✪

തിരഞ്ഞെടുപ്പ് കമ്മീഷൻ തിയതി പ്രഖ്യാപിച്ചതോടെ സംസ്ഥാനത്തെ മുന്നണികളും, രാഷ്ട്രീയ പാർട്ടികളും വാഗ്ദാനങ്ങളും, അവകാശവാദങ്ങളുമായി തിരഞ്ഞെടുപ്പ് ഗോദയിലിറങ്ങി. മൂന്നാം തവണയും പിണറായി വിജയന്റെ നേതൃത്വത്തിൽ ഗവൺമെന്റ് രൂപീകരിക്കാൻ ലക്ഷ്യമിട്ടാണ് LDF പ്രചാരണരംഗത്ത് ചുവടുറപ്പിക്കുന്നത്.

തദ്ദേശ തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടുകളുടെ മേൽക്കൈയുമായാണ്, UDF തിരഞ്ഞെടുപ്പിനെ നേരിടുന്നത്. LDF-ന്റെ നയസമീപനങ്ങളിലെ പൊരുത്തക്കേടുകളും, വികസന രംഗത്തെ വീഴ്ചകളും ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചാണ് കോൺഗ്രസ് നയിക്കുന്ന UDF മുന്നണി വോട്ട് അഭ്യർത്ഥിക്കുന്നത്.

രണ്ട് മുന്നണികളും ഒരു പോലെയാണെന്നും, കേന്ദ്രഭരണത്തിന് അനുസൃതമായി കേരളത്തിൽ പുതിയൊരു ഗവൺമെന്റ് രൂപീകരിക്കണമെന്നുമാണ് BJP നയിക്കുന്ന NDA, വോട്ടർമാരോട് ആവശ്യപ്പെടുന്നത്. നരേന്ദ്രമോദി ഗവൺമെന്റ്, രാജ്യത്ത് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ കേരളത്തിൽ എത്തണമെങ്കിൽ, BJP നയിക്കുന്ന ഗവൺമെന്റ് വരണമെന്ന് മുന്നണി നേതാക്കൾ അറിയിച്ചു.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് നാമനിർദേശ പത്രിക സമർപ്പിക്കേണ്ട അവസാന ദിവസം വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരം ഉണ്ടെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ മാസം 23-നാണ് നാമനിർദേശ പത്രിക സമർപ്പിക്കേണ്ട അവസാന ദിവസം. തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റ് സന്ദർശിച്ചോ, ECI NET എന്ന ആപ്പ് ഡൗൺലോഡ് ചെയ്തോ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തി പേര് ചേർക്കാം. കേരളത്തിൽ

താമസിക്കുന്നവർ ഫോം 6 ഉം, പ്രവാസികൾ ഫോം 6 A യുമാണ് പൂരിപ്പിക്കേണ്ടത്.

✪✪✪

മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് സാദിഖലി ശിഹാബ് തങ്ങൾ, സംസ്ഥാന നേതാക്കളുമായി കൂടിയാലോചിച്ച് സ്ഥാനാർഥി പ്രഖ്യാപനം ഉടൻ നടത്തുമെന്ന് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി അറിയിച്ചു. കോൺഗ്രസുമായി ഉഭയകക്ഷി ചർച്ച പൂർത്തിയായെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

✪✪✪

കേരള കോൺഗ്രസ് നിയമസഭാ സ്ഥാനാർത്ഥികളെ നാളെ വൈകിട്ടോടെ പ്രഖ്യാപിക്കുമെന്ന് പാർട്ടി ചെയർമാൻ PJ. ജോസഫ് അറിയിച്ചു. സീറ്റ് വിഭജനത്തിൽ നിർണ്ണായക ചർച്ചകൾ പുരോഗമിക്കുകയാണ്. നിലവിലെ പത്ത് സീറ്റുകളും നൽകണമെന്ന് ഇന്നലെ ചർച്ചയിൽ പാർട്ടി ആവശ്യപ്പെട്ടിട്ടുണ്ട്.

ഇടുക്കി സീറ്റ് വിട്ടുകൊടുക്കുന്ന കാര്യത്തിൽ ചില പ്രയാസം ഉണ്ടെന്നും, എന്നാൽ മുന്നണി മര്യാദകൾ പാലിച്ച് ചില വിട്ടുവീഴ്ചകൾക്ക് തയ്യാറായേക്കുമെന്ന സൂചനയും ജോസഫ് നൽകി.

✪✪✪

നിയസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുമെന്ന് CPIM കണ്ണൂർ ജില്ലാ കമ്മിറ്റി മുൻ അംഗം V. കുഞ്ഞികൃഷ്ണൻ അറിയിച്ചു. സ്വതന്ത്രനായി മത്സരിക്കാനാണ് തീരുമാനമെന്നും, ഇത് അഴിമതിക്കെതിരായ പോരാട്ടമാണെന്നും അദ്ദേഹം പയ്യന്നൂരിൽ പറഞ്ഞു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന് ഒരുങ്ങുന്ന കേരളത്തിലെ വോട്ടർ പട്ടികയിൽ, രണ്ടു കോടി 71 ലക്ഷത്തി 6,059 വോട്ടർമാരുണ്ട്. ഇന്നലെ വൈകിട്ട് വരെ കണക്കു പ്രകാരം, സംസ്ഥാനത്തെ വോട്ടർ പട്ടികയിൽ പൊതുവായ വോട്ടർമാരുടെ എണ്ണം 2 കോടി 70 ലക്ഷത്തി 52,007 ആണ്. ഇതിനു പുറമെ 54,052 സർവ്വീസ് വോട്ടർമാരുമുണ്ട്. നിലവിൽ വോട്ടർ പട്ടികയിൽ യുവ വോട്ടർമാർ എന്ന വിഭാഗത്തിൽ പെടുന്ന 18-നും 19-നും ഇടയിൽ പ്രായക്കാർ, 4 ലക്ഷത്തി 24,518 ആണ്. 85 മുകളിൽ പ്രായക്കാർ 2 ലക്ഷത്തി നാലായിരത്തി മുന്നൂറ്റി പതിനേഴ് ആണ്.

✪✪✪

കേരളത്തിനൊപ്പം തമിഴ്നാട്ടിലും തിരഞ്ഞെടുപ്പ് രംഗം സജീവമായി. മുഖ്യമന്ത്രിയും DMK നേതാവുമായ MK സ്റ്റാലിൻ നയിക്കുന്ന മുന്നണി വീണ്ടും അധികാരത്തിലെത്താൻ ശ്രമിക്കുമ്പോൾ, AIADMK- BJP സഖ്യം ഭരണത്തിലെത്താൻ കിണഞ്ഞ് ശ്രമിക്കുകയാണ്. തമിഴ് വെട്രികഴകം പാർട്ടിയുമായി നടൻ വിജയ് യും രംഗത്തുണ്ട്. 234 അംഗ നിയമസഭയാണ് തമിഴ്നാട്ടിലേത്.

✪✪✪

ഒഴിവു വരുന്ന 37 രാജ്യസഭാ സീറ്റുകളിൽ വോട്ടെടുപ്പ് ആരംഭിച്ചു. 10 സംസ്ഥാനങ്ങളിൽ അടുത്ത മാസത്തോടെ കാലാവധി പൂർത്തിയാക്കുന്ന അംഗങ്ങളുടെ ഒഴിവുകളിലേക്കാണ് തെരഞ്ഞെടുപ്പ്. വൈകിട്ട് നാലുവരെയാണ് വോട്ടെടുപ്പ്. വൈകിട്ട് അഞ്ചിന് വോട്ടെണ്ണി, രാത്രിയോടെ ഫലം പ്രഖ്യാപിക്കും.

✪✪✪

കോടതികൾ, തിരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ തീരുമാനങ്ങളെ അംഗങ്ങൾ പാർലമെന്റിൽ ചോദ്യം ചെയ്യുന്നത് ശരിയല്ലെന്ന്, കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. ഭരണഘടന പ്രകാരം തിരഞ്ഞെടുപ്പ് കമ്മീഷന് അതിന്റേതായ അധികാരങ്ങളുണ്ടെന്നും, സ്വതന്ത്രമായി പ്രവർത്തിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. പശ്ചിമ ബംഗാളിലെ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി, തിരഞ്ഞെടുപ്പ് കമ്മീഷൻ മുതിർന്ന ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയതിനെ തുടർന്ന്, രാജ്യസഭയിൽ തൃണമൂൽ കോൺഗ്രസ് അംഗങ്ങളുടെ ബഹിഷ്കരണത്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനത്തെ ന്യായീകരിച്ച കിരൺ റിജിജു, പ്രതിപക്ഷത്തിന്റെ പെരുമാറ്റം പാർലമെന്റിന്റെ വിലപ്പെട്ട സമയം പാഴാക്കുന്നതിന് കാരണമായെന്നും, സഭയുടെ പരിധിക്ക് പുറത്തെ വിഷയങ്ങളിൽ സഭാ നടപടികൾ തടസ്സപ്പെടുത്തരുതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തെ പട്ടികജാതി, പട്ടികവർഗ, വനിതാ സംരംഭകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് ഗവണ്മെന്റ് 'സ്റ്റാൻഡ്-അപ്പ് ഇന്ത്യ പദ്ധതി'യുടെ പുതുക്കിയ പതിപ്പ് ആരംഭിക്കുമെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ അറിയിച്ചു. 2016 ഏപ്രിലിൽ ആരംഭിച്ച പദ്ധതി, കഴിഞ്ഞ വർഷം മാർച്ചിൽ അവസാനിച്ചിരുന്നു. ലോക്സഭയിലെ ചോദ്യോത്തര വേളയിൽ ഉപ ധനാഭ്യർത്ഥനകൾക്ക് മറുപടി നൽകുകയായിരുന്നു ധനമന്ത്രി.

✪✪✪

ഒഡീഷയിലെ കട്ടക്കിൽ SCB മെഡിക്കൽ കോളേജ് ആശുപത്രിയിലെ തീപിടിത്തത്തിൽ പത്ത് രോഗികൾ മരിച്ച സംഭവത്തിൽ, രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനനും ദുഃഖം അറിയിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് അനുശോചനം അറിയിക്കുകയും, പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്തു.

ഒഡിഷ മുഖ്യമന്ത്രി മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് 25 ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു.

✪✪✪

ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് വിജയത്തിൽ നിർണായക പങ്കു വഹിച്ച, സഞ്ജു സാംസണെ കേരള ക്രിക്കറ്റ് അസോസിയേഷൻ, വൈകിട്ട് തിരുവനന്തപുരത്ത് ആദരിക്കും. ചടങ്ങിൽ മംഗലപുരം ക്രിക്കറ്റ് സ്റ്റേഡിയം, മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സ്റ്റേഡിയത്തിലെ ആധുനിക LED ഫ്ലഡ്‌ലൈറ്റ്, KCA സ്റ്റേറ്റ് അക്കാദമിയുടെ നിർമ്മാണം, ഇൻഡോർ ക്രിക്കറ്റ് പരിശീലന കേന്ദ്രത്തിന്റെ നിർമാണം എന്നിവയും ഇന്ന് ആരംഭിക്കും.

✪✪✪

നാളത്തെ കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ റിയൽ മലബാർ FC, കാലിക്കറ്റ് FC മത്സരം കോഴിക്കോട്ട് നിന്ന് തൃശൂരിലേക്ക് മാറ്റി. സാങ്കേതിക പ്രശ്നങ്ങളെ തുടർന്നാണ് വേദി മാറ്റം. വൈകിട്ട് ഏഴിനാണ് കിക്കോഫ്.

✪✪✪

കനത്ത വേനൽ, വയനാട്ടിലെ വാഴ കർഷകരെ പ്രതിസന്ധിയിലാക്കി. വിലത്തകർച്ചയും, വാഴക്കുല ഉണങ്ങി ഒടിഞ്ഞുവീഴുന്നതും കർഷകരെ വിഷമഘട്ടത്തിലാക്കിയിരിക്കുന്നു.

✪✪✪

ഹോർമൂസ് കടലിടുക്കിൽ സുരക്ഷ ഉറപ്പാക്കാൻ കപ്പലുകൾ അയക്കണമെന്ന US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ അഭ്യർത്ഥനയ്ക്ക് അനുകൂലമായി തൽകാലം നടപടിയെടുക്കില്ലെന്ന് സഖ്യ രാഷ്ട്രങ്ങൾ അറിയിച്ചു. ജപ്പാൻ, ഓസ്ട്രേലിയ, UK ഗവൺമെന്റുകളാണ് ഇക്കാര്യം വ്യക്തമാക്കിയത്. ജപ്പാൻ പ്രധാനമന്ത്രി സാനേ തകായ്ചി, ഓസ്ട്രേലിയൻ മന്ത്രി കാതറിൻ കിംഗ്, UK പ്രധാനമന്ത്രി കെയ്ർ സ്റ്റാർമർ തുടങ്ങിയവരാണ് നാവികസേനാ കപ്പലുകൾ കടലിടുക്കിൽ വിന്യസിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് അറിയിച്ചത്.

✪✪✪

ഏഷ്യയിലേയും ഓഷ്യാനയിലേയും എണ്ണ ഉത്പാദക രാജ്യങ്ങൾ കരുതൽ ശേഖരത്തിൽ നിന്ന് വൻ തോതിൽ എണ്ണ വിപണിയിലെത്തിക്കുമെന്ന്, രാജ്യാന്തര ഊർജ്ജ ഏജൻസി അറിയിച്ചു. ആഗോള എണ്ണ വില നിയന്ത്രിക്കുന്നതിന് വേണ്ടിയാണ് നടപടി. 400 ദശലക്ഷം ബാരൽ എണ്ണ വിപണിയിലെത്തിക്കുമെന്നാണ് ഏജൻസി അറിയിച്ചിരിക്കുന്നത്.

✪✪✪

പെട്രോളും, ഡീസലും രാജ്യത്ത് ആവശ്യത്തിനുണ്ടെന്നും, ഇവയുടെ വിതരണം കൃത്യമായി തുടരുന്നുണ്ടെന്നും പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം അറിയിച്ചു. വെപ്രാളത്തോടെ ഇന്ധനങ്ങൾ വാങ്ങിക്കൂട്ടേണ്ട സാഹചര്യം ഒരിടത്തും ഇല്ലെന്നും മന്ത്രാലയം വ്യക്തമാക്കി.

രാജ്യത്തൊരിടത്തും പാചക വാതകം ലഭ്യമല്ലാത്ത സാഹചര്യമില്ലെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

ദുബായ് അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപം ഡ്രോൺ ആക്രമണത്തെ തുടർന്ന് ഇന്ധന സംഭരണ കേന്ദ്രങ്ങൾക്ക് സമീപം തീപിടുത്തമുണ്ടായി. ഇതോടെ വിമാന സർവീസുകൾ താൽക്കാലികമായി നിർത്തിവച്ചു.

തീ നിയന്ത്രണവിധേയമാക്കിയെന്നും, ആർക്കും പരിക്കില്ലെന്നും ദുബായ് സിവിൽ ഡിഫൻസ് അറിയിച്ചു. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ വിമാനത്താവളത്തിലേക്ക് യാത്ര ചെയ്യരുതെന്ന് എമിറേറ്റ്സ് യാത്രക്കാരോട് നിർദ്ദേശിച്ചു.

✪✪✪

കൊച്ചിയും കോഴിക്കോടും ഉൾപ്പെടെ വിമാനത്താവളങ്ങളിലേക്ക് ഖത്തർ എയർവേയ്സ് മറ്റന്നാൾ മുതൽ, ഈമാസം 28 വരെ ഏതാനും വിമാന സർവീസുകൾ നടത്തുമെന്ന് ഇന്ത്യൻ എംബസി അറിയിച്ചു. കേരളത്തിന് പുറമെ ഡൽഹി, അഹമ്മദാബാദ്, അമൃത് സർ, ബംഗലൂരു, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിലേക്കായിരിക്കും സർവീസ്. യാത്രക്കാർ അവസാന ഷെഡ്യൂളും തിയതികളും ഔദ്യോഗിക വെബ്സൈറ്റിൽ നിന്നോ മൊബൈൽ ആപ്ലിക്കേഷനുകളിൽ നിന്നോ സ്ഥിരീകരിക്കേണ്ടതാണെന്ന് എയർവെയ്സ് അറിയിച്ചു.

✪✪✪

തിരുവനന്തപുരത്തു നിന്ന് പുലർച്ചെ ദുബായിലേക്ക് പോവുകയായിരുന്ന എമിറേറ്റ്സ് വിമാനം, യാത്ര അവസാനിപ്പിച്ച് തിരുവനന്തപുരത്ത് തിരിച്ചിറങ്ങി. ദുബായ് അന്താരാഷ്ട്ര വിമാനത്താവളം അടച്ചതിനെത്തുടർന്നാണിത്. 353 യാത്രക്കാരെയും ടെർമിനലിലേക്ക് മാറ്റി.

✪✪✪

പശ്ചിമേഷ്യൻ മേഖലയിൽ ഇന്ന് ആരംഭിക്കാനിരുന്ന പന്ത്രണ്ടാം ക്ലാസ് പരീക്ഷകൾ CBSE റദ്ദാക്കി. പുതുക്കിയ ഫലപ്രഖ്യാപന സംവിധാനം പിന്നീട് അറിയിക്കും.

✪✪✪

ഇന്ന് റമദാൻ മാസത്തിലെ 27-ആം രാവ്. ആയിരം മാസങ്ങളേക്കാൾ പുണ്യദായകമായ ലൈലത്തുൽ ഖദിർ ആവാൻ ഏറ്റവും സാധ്യത കൽപ്പിക്കുന്ന ഈ ദിനത്തിൽ, വിശ്വാസികൾ പാപമോചനത്തിനായും ദൈവാനുഗ്രഹത്തിനായും പ്രാർത്ഥനകളിൽ മുഴുകും.

മസ്ജിദുകളിൽ ഇന്നു രാത്രി പ്രത്യേക ആരാധനാ കർമങ്ങൾ നടത്തും. പ്രത്യേക നമസ്കാരങ്ങൾ, ഖുർആൻ പാരായണം, ദിക്റുകൾ തുടങ്ങിയ ആരാധനകളുമായി വിശ്വാസികൾ പ്രഭാതം വരെ പള്ളികളിൽ കഴിയും. മലപ്പുറം മഅദിൻ ഗ്രാൻഡ് മസ്ജിദിൽ പ്രത്യേക പ്രാർത്ഥനാ സമ്മേളനത്തിന്, സയ്യിദ് ഇബ്രാഹീം ഖലീൽ അൽ ബുഖാരി നേതൃത്വം നൽകും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*News Team : അനിൽ ചന്ദ്രൻ, ശരണ്യ രാജൻ*
*DEO: സി കെ സുബോധ്*